**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 258** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>സ്മാർട്ട് പി.ഡി.എസ് പദ്ധതിയും മുൻഗണനാ റേഷൻ കാർഡ് മാനദണ്ഡങ്ങളും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഉല്ലാസ് കോവൂർ

ശ്രീ. വിഷ്ണു മോഹൻ

ശ്രീ. വി. കുഞ്ഞികൃഷ്ണൻ

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് സ്മാർട്ട് പി.ഡി.എസ്. പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ചെയ്തു വരുന്ന നടപടികൾ എന്തെല്ലാമാണ്; ഇതിന്റെ നിലവിലെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് സ്മാർട്ട് പി.ഡി.എസ്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭാഗമായി സംസ്ഥാനതലത്തിൽ സ്റ്റേറ്റ് പ്രോജക്ട് ഇംപ്ലിമെന്റേഷൻ ടീം (SPIT) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം (RCMS), ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ePoS), ആധാർ അധിഷ്ഠിത സേവനങ്ങൾ, സപ്ലൈ ചെയിൻ മാനേജ്മെന്റ് (SCM) തുടങ്ങിയ സംവിധാനങ്ങളെ സ്മാർട്ട് പി.ഡി.എസ്. പദ്ധതിയുടെ പരിധിയിൽ ഏകോപിപ്പിക്കുന്നതിനുള്ള നടപടികളും, വിവിധ ഘടകങ്ങളുടെ സാങ്കേതിക ഏകീകരണം, പരിശോധന, ഡാറ്റാ ശുദ്ധീകരണം, മൈഗ്രേഷൻ തുടങ്ങിയ പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു. ടി പദ്ധതിയുടെ ഭാഗമായി Command Control Centre സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു .

**(ബി)** സ്മാർട്ട് പി.ഡി.എസ്. പദ്ധതി നടപ്പാക്കുമ്പോൾ നിലവിലുള്ള മുൻഗണനാ റേഷൻ കാർഡുകളുടെ അർഹതാ മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**<u>മറുപടി:</u>** ഇല്ല.

**(സി)** അർഹരായവർക്ക് ലഭിക്കേണ്ട മുൻഗണനാ കാർഡുകൾ അർഹതയില്ലാത്തവർ കൈവശം വെച്ചിട്ടുണ്ടെങ്കിൽ അവ കണ്ടെത്തി ഒഴിവാക്കുന്നതിനും പുതിയതായി അർഹരായവർക്ക് കാർഡ് ലഭ്യമാക്കുന്നതിനും സ്മാർട്ട് സംവിധാനത്തിലൂടെ എന്തൊക്കെ സുതാര്യമായ പരിശോധനകളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** SMART PDS പദ്ധതി സംസ്ഥാനത്ത് പൂർണ്ണമായും നടപ്പാക്കിയിട്ടില്ല, നടപടികൾ പുരോഗമിച്ചു വരുന്നേയുള്ളു. അർഹതയില്ലാത്തവർ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നും അർഹരായവർ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നും കണ്ടെത്തുന്നതിനായി ഫീൽഡ് തല പരിശോധനകളും കേന്ദ്രത്തിൽ നിന്നും ലഭ്യമായ ഡാറ്റാ പരിശോധനയും നടത്തുന്നുണ്ട്. സാങ്കേതിക സംവിധാനങ്ങളുടെയും ലഭ്യമായ വിവരങ്ങളുടെയും സഹായത്തോടെ അനർഹരായ ഗുണഭോക്താക്കളെ

കണ്ടെത്തുകയും അവരുടെ വിവരങ്ങൾ ഫീൽഡ് തലത്തിൽ പരിശോധിക്കുകയും ചെയ്യുന്നു. പരിശോധനയിൽ അനർഹരെന്ന് കണ്ടെത്തുന്നവരെ മുൻഗണനാ വിഭാഗത്തിൽ നിന്നും ഒഴിവാക്കുകയും, അർഹരായവരെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

**(ഡി)** സാങ്കേതിക കാരണങ്ങളാൽ മുൻഗണനാ പട്ടികയിൽ നിന്നും അർഹരായവർ പുറത്താകുന്നത് ഒഴിവാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സുരക്ഷാ മുൻകരുതലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

**മറുപടി:** സാങ്കേതിക കാരണങ്ങളാൽ അർഹരായ ഗുണഭോക്താക്കൾ മുൻഗണനാ പട്ടികയിൽ നിന്നും പുറത്താക്കപ്പെടുന്നത് ഒഴിവാക്കുന്നതിനായി ഗുണഭോക്താക്കളുടെ വിവരം ഫീൽഡ് തലത്തിൽ പരിശോധിക്കുന്ന സംവിധാനം നിലവിലുണ്ട്.

**സെക്ഷൻ ഓഫീസർ**